# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 300 27-09-2016 ലെ മറുപടിക്ക്

**ചോദ്യം** **മറുപടി**

**ശ്രീ.കെ.സി. ജോസഫ്**
**ശ്രീ.വി.പി. സജീന്ദ്രൻ**
**ശ്രീ.റോജി.എം.ജോൺ**
**ശ്രീ.കെ.എസ്. ശബരിനാഥൻ**

**ഡോ.റ്റി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

## മാന്ദ്യവിരുദ്ധ പാക്കേജ്

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പ്രത്യേക മാന്ദ്യ വിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; | സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ ദ്രുതഗതിയിലുളള വളർച്ച ഉറപ്പു വരുത്തുവാൻ ഒരു മാന്ദ്യവിരുദ്ധ പാക്കേജ് ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രത്യേക നിക്ഷേപ പദ്ധതി എന്ന പേരിലാണ് ഈ സ്കീം അറിയപ്പെടുന്നത്. ഈ പാക്കേജിൽ വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ തുടങ്ങിയ മൂലധന ചെലവുകളാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുളളത്. പ്രസ്തുത പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ഉൾപ്പെടെ 20,000 കോടിയിലധികം രൂപയുടെ പദ്ധതികളാണ് പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം വിവിധ മേഖലകളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രധാനമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) മുഖേനയാണ് പ്രത്യേക നിക്ഷേപ പദ്ധതിയ്ക്ക് ആവശ്യമായ ധനസമാഹരണം നടത്തുന്നത്. സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുളള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഇതിന് വേണ്ടി കിഫബി ഉപയോഗപ്പെടുത്തുന്നതാണ്. കിഫ്ബിയെ ഇതിനായി സജ്ജമാക്കുന്നതിനുളള നിയമഭേദഗതികൾ ഇതിനോടകം തന്നെ വരുത്തിയിട്ടുണ്ട്. ഈ കടമെടുപ്പ് പ്രക്രിയയുടെ വിശ്വാസ്യത ഉറപ്പിക്കുവാനും നിക്ഷേപകർക്ക് അവരുടെ മുതലും പലിശയും താമസംവിനാ നൽകുമെന്ന് ഉറപ്പ് നൽകുവാനും ഒരു ഫണ്ട്സ് ട്രസ്റ്റീ ഉപദേശക കമ്മീഷൻ (എഫ്റ്റാക്ക്) രൂപികരിക്കും. ഫണ്ടിൽ സമാഹരിക്കുന്ന |
| (ബി) | ഏതെല്ലാം മേഖലകളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുളളത്; | |
| (സി) | പ്രസ്തുത പാക്കേജിനുളള വിഭവ സമാഹരണം എങ്ങനെയാണ് കണ്ടെത്തുന്നത്, വിശദീകരിക്കുമോ; | |
| (ഡി) | പ്രസ്തുത പാക്കേജ് നടപ്പാക്കാൻ എത്ര കോടി രൂപ വേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ? | |

| | | |
|---|---|---|
| | | നിക്ഷേപങ്ങൾ വക മാറ്റി ചെലവഴിക്കാതെ അംഗീകൃത സ്കീമുകൾക്ക് മാത്രം വിന്യസിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുക എന്നുള്ളതാണ് എഫ്ടാക്കിന്റെ പ്രാഥമിക ചുമതല.<br>മോട്ടോർവാഹന നികുതിയുടെ ഒരു വിഹിതം എല്ലാ വർഷവും കിഫബിയ്ക്ക് നൽകുന്നതിന് നിയമപ്രകാരം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനു പുറമെ പെട്രോളിന്മേലുള്ള സെസും കിഫ്ബിയ്ക്ക് കൈമാറും. സർക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ തുകകളും ആഗസ്റ്റ് മാസത്തിന്റെ അവസാന പ്രവൃത്തി ദിനം തീരും മുമ്പ് കിഫ്ബിയുടെ അക്കൗണ്ടിലേക്ക് ലഭിക്കുമെന്ന് ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വരുമാനത്തെ സെക്യൂരറ്റൈസ് ചെയ്താണ് പ്രത്യേക നിക്ഷേപ പദ്ധതിയ്ക്ക് ആവശ്യമായ വായ്പ കിഫ്ബി സമാഹരിക്കുന്നത്. ഇത്തരമൊരു വിപുലമായ മൂലധന നിക്ഷേപ പദ്ധതിക്കായി ഓരോ അടിസ്ഥാന സൗകര്യ പ്രോജക്ടിന്റെയും പ്രത്യേക വിശേഷണങ്ങൾക്ക് അനുസൃതമായി വ്യത്യസ്ത കടപ്പത്രങ്ങൾ ഉപയോഗിക്കുന്നതാണ്. പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സെബിയുടെ പുതിയ ഇഷ്യൂ ആന്റ് ലിസ്റ്റിങ്ങ് ഓഫ് ഡെറ്റ് സെക്യൂരിറ്റീസ് മാർഗ്ഗ രേഖ പ്രകാരം സർക്കാർ ഗ്യാരന്റിയോടെ കടപ്പത്രം ഇറക്കുവാൻ അനുമതി നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## പ്രത്യേക നിക്ഷേപ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന പദ്ധതികൾ

- മൂല്യവർദ്ധിത കാർഷികോത്പന്നങ്ങൾക്കു വേണ്ടി ചെറുകിട-ഇടത്തര അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിന് 500 കോടി രൂപ.
- പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 300 കോടി രൂപ
- 10 കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനു വേണ്ടി 100 കോടി രൂപ.
- **ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്ക്കൂൾ അന്തർദേശീയ** നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 1,000 കോടി രൂപ.
- **ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റുകളുടെ ആസ്ഥാന മന്ദിരം സ്ഥാപിക്കുന്നതിന് 20 കോടി രൂപ.**
- **8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക്ക് ആക്കുന്നതിന് 500 കോടി രൂപ.**
- **മുഴുവൻ സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്കും സർക്കാർ** എഞ്ചിനീയറിംഗ് കോളേജുകൾക്കും ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ 2 വർഷം കൊണ്ട് സൃഷ്ടിക്കുന്നതിന് 500 കോടി രൂപ.
- ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം **യൂണിവേഴ്സിറ്റി, എറണാകുളം മഹാരാജാസ്, പാലക്കാട് വിക്ടോറിയ, തലശ്ശേരി ബ്രണ്ണൻ തുടങ്ങിയ കോളേജുകളെ ഡിജിറ്റൽ കോളേജായും മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും 150 കോടി രൂപ.**
- പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 50 കോടി രൂപ.
- **10 ഐ.ടി.ഐ.കൾ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനു വേണ്ടി 50 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വകയിരുത്തുന്നു.**
- **മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികളുടെ നവീകരണത്തിനായി 1,000 കോടി രൂപ.**
- **തലശ്ശേരിയിൽ വുമൺ & ചൈൽഡ് ആശുപത്രി ആരംഭിക്കുന്നതിന് 50 കോടി രൂപ.**
- **10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര** പരിപാടികൾ ഏറ്റെടുക്കുന്നതിന് 735 കോടി രൂപ.

- കുടിവെള്ള പദ്ധതികൾക്കായുള്ള ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതു കൊണ്ട് മുടങ്ങി കിടക്കുന്ന 9 പദ്ധതികൾ ഏറ്റെടുക്കുന്നതിന് 162 കോടി രൂപ.
- 77 സ്കീമുകളിലായി 128 കിലോമീറ്റർ ഏ.സി. പ്രോമോ പമ്പിംഗ് മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 154 കോടി രൂപ.
- 174 സ്കീമുകളിലായി 488 കിലോമീറ്റർ ഏ.സി. പ്രോമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 371 കോടി രൂപ.
- 16 സ്കീമുകളുടെ പഴഞ്ചനും കാര്യക്ഷമത നഷ്ടപ്പെട്ടതുമായ 81 എച്ച്.ടി പമ്പു സെറ്റുകളും 11 സബ്സ്റ്റേഷനുകളും മാറ്റി സ്ഥാപിക്കുന്നതിന് 75 കോടി രൂപ.
- 170 സ്കീമുകളിലായി 350 എൽ.പി. പമ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് 65 കോടി രൂപ.
- എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കേരളാ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് 100 കോടി രൂപ.
- തിരുവനന്തപുരം ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി നിർമ്മിക്കുന്നതിനായി 50 കോടി രൂപ.
- 14 ജില്ലകളിലും മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായി 500 കോടി രൂപ.
- ജി.വി. രാജ കണ്ണൂർ സ്പോർട്സ് സ്ക്കൂൾ, അയ്യങ്കാളി സ്പോർട്സ് സ്ക്കൂൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 30 കോടി രൂപ.
- എല്ലാ പഞ്ചായത്തുകളിലും മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപ.
- 68 പാലങ്ങൾക്കായി 1475 കോടി രൂപ,
- 8 ഫ്ളൈ ഓവറുകളും 4 അടിപ്പാതകൾക്ക് 220 കോടി രൂപ
- 17 ബൈപ്പാസുകൾക്ക് 385 കോടി രൂപ
- 137 റോഡുകൾക്ക് 2800 കോടി രൂപ
- 14 റെയിൽവേ മേൽപ്പാലങ്ങൾക്ക് 295 കോടി രൂപ.
- ശബരി റെയിൽപ്പാതയ്ക്ക് 50 കോടി രൂപ.
- ശബരിമല മാസ്റ്റർ പ്ലാനിനു 150 കോടി രൂപ.

- എല്ലാ ഫിലമെന്റ്, സി.എഫ്.എൽ ബൾബുകൾ മാറ്റി എൽ.ഇ.ഡി ബൾബുകൾ നൽകുന്നതിനായി 250 കോടി രൂപ.
- പൊഴികളുടെ പുനരുദ്ധാരണത്തിന് 100 കോടി രൂപ.
- പാർവതി പുത്തനാർ ശുചീകരിച്ച് പുനരുദ്ധരിക്കുന്നതിന് 50 കോടി രൂപ
- അഴീക്കൽ തുറമുഖ നിർമ്മാണത്തിനും ആലപ്പുഴ മരീന തുറമുഖ നിർമ്മാണത്തിനുമായി 500 കോടി രൂപ.
- എറണാകുളം കേന്ദ്രമാക്കി 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ.
- ആലപ്പുഴ-കുട്ടനാട്-ചങ്ങനാശ്ശേരി-കോട്ടയം മേഖലയിലെ ഉൾനാടൻ ജലഗതാഗതം നവീകരിക്കുന്നതിന് 400 കോടി രൂപ.
- കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി, 5 ബൃഹത് വിവിധോദ്ദേശ വ്യവസായ സോണുകൾ എന്നിവയ്ക്കായി 5100 കോടി രൂപ.
- 20 ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 400 കോടി രൂപ.
- ആലപ്പുഴയിലെ തോടുകളുടെ നവീകരണം, മുതലപ്പൊഴി-തുമ്പോളി പൊഴികളുടെ ശുചീകരണം എന്നിവയ്ക്കായി 100 കോടി രൂപ.
- പൊന്മുടിയിലേക്കു റോപ്പ്‌വേ നിർമ്മിക്കുന്നതിനും പൊന്മുടിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും 200 കോടി രൂപ.
- ഐ.റ്റി പാർക്ക് സംരംഭങ്ങൾക്ക് 1325 കോടി രൂപ.
- പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾ, ബ്ലോക്കുകൾ എന്നിവയ്ക്ക് ആവശ്യമായ കെട്ടിടം പണിയുന്നതിന് 100 കോടി രൂപ.
- തിരുവനന്തപുരം ആറ്റുകാൽ മാസ്റ്റർ പ്ലാനിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 100 കോടി രൂപ.
- തൃശൂർ മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി 150 കോടി രൂപ.
- മനുഷ്യനും വന്യമൃഗങ്ങളും സംഘർഷം ഒഴിവാക്കുന്നതിന് വേലി നിർമ്മിക്കുന്നതിന് 100 കോടി രൂപ.
- മെഗാ ഫുഡ് പാർക്കിനു 500 കോടി രൂപ.
- തിരുവനന്തപുരം പൗണ്ടുകടവിലെ 3 ഏക്കർ സ്ഥലത്തു വർക്കിംഗ് വിമൺസ് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് 50 കോടി രൂപ.

- ട്രഷറി കെട്ടിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി 150 കോടി രൂപ.
- 17 പുതിയ റവന്യൂ ടവറുകൾ സ്ഥാപിക്കുന്നതിന് വേണ്ടി 250 കോടി രൂപ.
- രജിസ്ട്രേഷൻ ഓഫീസുകൾക്കു പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് 100 കോടി രൂപ.
- **എക്സൈസ് ടവറുകൾ സ്ഥാപിക്കുന്നതിന് 50 കോടി രൂപ.**
- **ഗവൺമെന്റ് പ്രസ്സിന്റെ ആധുനീകരണത്തിനു 100 കോടി രൂപ.**
- പുതിയ കോടതി കെട്ടിട സമുച്ചയങ്ങൾക്കു 150 കോടി രൂപ.
- **വാണിജ്യ നികുതി ഓഫീസിന്റെ നവീകരണത്തിന് 100 കോടി രൂപ.**
- **എസ്.സി/ എസ്.റ്റി ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ക്രസ്റ്റിന്റെ കാമ്പസ് കോഴിക്കോട് സൈബർ പാർക്കിൽ സ്ഥാപിക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതി- 15 കോടി രൂപ**
- ആലപ്പുഴയിലെ ദേശീയ ഗെയിംസ് റോവിംഗ് ട്രാക്കിന്റെ സംരക്ഷണത്തിനും ഹോസ്റ്റൽ നിർമ്മാണത്തിനും- 10 കോടി രൂപ.
- ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയായി വികസിപ്പിക്കുന്നതിന്- 25 കോടി രൂപ.
- **അഖിലേന്ത്യാ സർവ്വീസ് ഓഫീസർമാരുടെ ഫ്ളാറ്റ് സമുച്ചയം- 15 കോടി രൂപ.**
- കടൽത്തീര പ്രദേശത്തെ കടൽത്തീര സംരക്ഷണത്തിന്- 50 ലക്ഷം രൂപ.

**സെക്ഷൻ ഓഫീസർ**